DESPATCHED
On..3/2/22

3/2/22



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1660(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.14820/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 3**

ശ്രീ. ദുരൈപാണ്ടി,
ശാലേം നിവാസ്,
ദേവികുളം പി.ഒ.,
ഇടുക്കി – 685 613.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കെ.ഡി.എച്ച്. വില്ലേജ് ഓഫീസ് ദേവികുളം,
   ദേവികുളം പി.ഒ.,
   ഇടുക്കി – 685 613.
2. അപ്പീൽ അധികാരി &
   തഹസിൽദാർ
   താലൂക്ക് ഓഫീസ് ദേവികുളം,
   ഇടുക്കി – 685 613.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 9.2.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 2.3.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 8.3.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 22.4.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.8.2021, 3.11.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 15.11.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.11.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 28.12.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 25.1.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ദുരൈപാണ്ടി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, കെ.ഡി.എച്ച് വില്ലേജിലെ 72-ാം നമ്പർ തണ്ടപ്പേർ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനെ തുടർന്ന് ദേവികുളം തഹസിൽദാർക്ക്

8.3.2021–നും 6.7.2021–നും അപ്പീൽ നൽകിയിട്ടും മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ടിയാന്റെ അപ്പീൽ ഹർജിയിന്മേൽ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 9.2.2021–ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ഒന്നാം എതിർകക്ഷി കാര്യാലയത്തിൽ നിന്നും 20.5.2016–ാം തീയതി നൽകിയിട്ടുള്ള കരം രസീതിൽ പറഞ്ഞിരിക്കുന്ന തണ്ടപ്പേർ പകർപ്പ് വിവരാവകാശ നിയമ പ്രകാരം ലഭ്യമാക്കണമെന്നാണ്.

3. 2.3.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടി ഓഫീസിൽ ലഭ്യമായ രേഖകൾ പ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ഓഫീസിൽ നിലവിൽ ലഭ്യമല്ല എന്നാണ്. ടി മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് 8.3.2021–ന് നൽകിയ അപ്പീൽ അപേക്ഷ തീർപ്പാക്കി 22.4.2021 തീയതി രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, വിചാരണയുടെയും, എസ്.പി.ഐ.ഒയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ വില്ലേജിൽ നിന്ന് അനുവദിച്ചതല്ലാത്ത ഒരു രേഖയുമായി ബന്ധപ്പെട്ട വിവരമാണ് വിവരാവകാശ നിയമം 6(1) വകുപ്പു പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും, ആയതിന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ അപാകതയില്ലെന്നു ബോധ്യപ്പെട്ടിരിക്കുന്നു എന്നും ടി രേഖ വ്യാജമായി നിർമ്മിച്ചതായി കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ആയത് സംബന്ധിച്ച് നടപടികൾ പ്രത്യേകമായി സ്വീകരിക്കുന്നതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് അപേക്ഷയോടൊപ്പം പകർപ്പ് ഹാജരാക്കിയ കരം തീർത്ത രസീതിൽ കാണിച്ചിട്ടുള്ള തണ്ടപ്പേർ പകർപ്പ് ലഭിക്കുന്നതിന് വേണ്ടിയാണെന്നും പ്രസ്തുത അപേക്ഷയ്ക്ക് 2.3.2021–ൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയതായി കാണുന്നു എന്നും ടി മറുപടിയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമല്ലാത്തതായി കാണിച്ചിട്ടുള്ളതിൽ തൃപ്തിയില്ലെന്ന് കാണിച്ച് അപേക്ഷകൻ 9.3.2021–ൽ അപ്പീൽ സമർപ്പിച്ചിരുന്നു എന്നും ടി അപ്പീലിന്മേൽ ടി കാര്യാലയത്തിൽ നിന്നും പരിശോധന നടത്തിയിട്ടുള്ളതും അപ്പീൽ വാദിയേയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറേയും നേരിൽ കേട്ടിട്ടുള്ളതാണെന്നും അപേക്ഷയോടൊപ്പം ചേർത്തിരുന്ന 20.5.2016–ലെ കരം തീർത്ത രസീത് പകർപ്പിൽ കാണിച്ചിട്ടുള്ള തണ്ടപ്പേർ നമ്പർ, രസീതിലെ ബുക്ക് നമ്പർ, രസീത് നമ്പർ എന്നിവ വില്ലേജിലെ റിക്കാർഡുകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ ഇത്തരത്തിൽ ഒരു രസീത് ടി കാര്യാലയത്തിൽ നിന്ന് നൽകിയിട്ടില്ലാത്തതായും പ്രസ്തുത രസീത് വ്യാജമായി തയ്യാറാക്കിയതായി പരിശോധനയിൽ ബോധ്യപ്പെട്ടതായും ആയതിന്റെ അടിസ്ഥാനത്തിലാണ് വിവരം ലഭ്യമല്ലെന്ന് കാണിച്ച് 2.3.2021–ന് മറുപടി നൽകിയതെന്നും അപേക്ഷാകക്ഷി ഹാജരാക്കിയ രേഖകൾ കൃത്രിമമായി സൃഷ്ടിച്ചതാകയാൽതന്നെ അത് സംബന്ധിച്ച റിക്കാർഡുകളുടെ പകർപ്പ് കണ്ടെത്താൻ കഴിയാത്തതാണെന്നും 2.3.2021–ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപാകതയില്ലെന്നും വ്യാജരേഖകൾ നിർമ്മിച്ചതിന് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് ആവശ്യപ്പെട്ട് പോലീസിൽ കത്ത് നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ നിയമ പ്രകാരം ലഭിച്ച മറുപടിയിൽ ആക്ഷേപം ഉന്നയിച്ച് നൽകിയ ഒന്നാം അപ്പീൽ തീർപ്പാക്കി രണ്ടാം എതിർകക്ഷി 16.12.2021-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ആയത് ഹർജിക്കാരന് ലഭിച്ചിട്ടില്ല എന്ന് കാണുന്നതിനാൽ ടി ഉത്തരവിന്റെ പകർപ്പ് ഒരിക്കൽ കൂടി ഹർജിക്കാരന് അയച്ചു കൊടുക്കണമെന്ന് രണ്ടാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ പറയുന്ന കരം തീർത്ത രസീത് എതിർകക്ഷി കാര്യാലയത്തിൽ നിന്നും നൽകിയിട്ടില്ലാത്തതാണെന്നും ടി രസീതിൽ കാണിച്ചിട്ടുള്ള തണ്ടപ്പേർ രസീതിൽ പറയുന്ന കക്ഷികളുമായി ബന്ധപ്പെട്ടതല്ലെന്നും പ്രസ്തുത രസീത് വ്യാജമായി തയ്യാറാക്കിയതായി പരിശോധനയിൽ ബോധ്യപ്പെട്ടതായും രണ്ടാം എതിർകക്ഷി കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമാക്കിയ സാഹചര്യത്തിൽ എതിർകക്ഷികൾ നൽകിയ മറുപടികളിൽ അപാകതയില്ലെന്ന് കാണുന്നു. എന്നാൽ ടി വസ്തുത നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിനുള്ള ഒരു അവസരം ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. തണ്ടപ്പേർ സംബന്ധിച്ച ഹർജിക്കാരന്റെ ആക്ഷേപം വിവരാവകാശ നിയമ പ്രകാരം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ഹർജിക്കാരന് ബന്ധപ്പെട്ട മേലധികാരികൾക്ക് പരാതി നൽകി പരിഹാരം തേടാവുന്നതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 3-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk